**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

**05.10.2018**

# പത്രക്കുറിപ്പ്

# പ്രളയ ദുരന്ത മേഖലയിൽ പ്രവർത്തിച്ച നൈപുണ്യ കർമ്മസേനാംഗങ്ങൾക്ക് അനുമോദനം

## ഒക്ടോബർ 9 ന് മന്ത്രി ടി.പി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

സംസ്ഥാനത്ത് പ്രളയ ദുരന്ത മേഖലകളിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച നൈപുണ്യ കർമ്മസേനയിലെ അംഗങ്ങളെ സംസ്ഥാന സർക്കാരിനുവേണ്ടി ഹരിതകേരളം മിഷനും വ്യാവസായിക പരിശീലന വകുപ്പും ചേർന്ന് അനുമോദിക്കുന്നു. ഇതിനായി 2018 ഒക്ടോബർ 9 ചൊവ്വാഴ്ച തിരുവനന്തപുരത്ത് പാളയം വിജെ.ടി ഹാളിൽ രാവിലെ 10 മണിക്ക് സംഘടിപ്പിക്കുന്ന ചടങ്ങിൽ ബഹു.തൊഴിൽ നൈപുണ്യം, എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.ടി.പി.രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ഹരിതകേരളം മിഷനുമായി ചേർന്നുകൊണ്ട് വ്യാവസായിക പരിശീലന വകുപ്പിലെ ട്രെയ്നികളും ഇൻസ്ട്രക്ടർമാരും മറ്റ് ജീവനക്കാരും അടങ്ങുന്ന 3000 ൽ അധികം പേർ നേതൃത്വം നൽകിയ നൈപുണ്യ കർമ്മസേനയുടെ സേവനം പ്രളയ ദുരന്ത മേഖലയിലെ ദുരിതാശ്വാസ ശുചീകരണ പ്രവർത്തനങ്ങളിൽ ഏറെ ശ്രദ്ധേയമായിരുന്നു. ദുരിതബാധിതരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരികെ എത്തിക്കുന്നതിന്റെ ഭാഗമായി വീടുകളിലെ ഉപകരണങ്ങൾ, ഇലക്ട്രിക് വയറിംഗ്, കാർപ്പന്ററി, വെൽഡിംഗ് തുടങ്ങിയ അറ്റകുറ്റപ്പണികൾ സമർത്ഥമായാണ് നൈപുണ്യ കർമ്മസേന നിർവ്വഹിച്ചത്. 5003 വീടുകളിലായി 4295 ഇലക്ട്രിക് വയറിംഗ്, 1245 പ്ലംബിംഗ്, 875 ഇലക്ട്രോണിക്സ്, 568 കാർപ്പന്ററി മേജർ റിപ്പയറിംഗ് അറ്റകുറ്റപ്പണികളാണ് ഇതിൽ പ്രധാനം. നൈപുണ്യസേനയിലെ ഇൻസ്ട്രക്ടർമാർക്കുള്ള ഉപഹാരവും സേനാംഗങ്ങൾക്ക് സർട്ടിഫിക്കറ്റും ചടങ്ങിൽ മന്ത്രി ടി.പി.രാമകൃഷ്ണൻ വിതരണം ചെയ്യും. ശ്രീ.വി.എസ് ശിവകുമാർ എം.എൽ.എ. അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ മുഖ്യ പ്രഭാഷണവും ശ്രീ.ബി.സത്യൻ എം.എൽ.എ. അനുമോദന പ്രസംഗവും നടത്തും. വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ ഇൻ-ചാർജ് പി.കെ.മാധവൻ റിപ്പോർട്ട് അവതരിപ്പിക്കും. നവകേരളം കർമ്മ പദ്ധതി കോർഡിനേറ്റർ ചെറിയാൻ ഫിലിപ്പ് ആശംസ അർപ്പിക്കും. ഹരിതകേരളം മിഷൻ കൺസൾട്ടന്റ് ശ്രീ.ടി.പി. സുധാകരൻ സ്വാഗതവും വ്യാവസായിക പരിശീലന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ബി.ബാലചന്ദ്രൻ കൃതജ്ഞതയും രേഖപ്പെടുത്തും.

**ഒപ്പ്/-**
**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**